# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 ഫെബ്രുവരി 11, ചൊവ്വ

**നമ്പർ 166**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ( റൂൾ 50) :

സംസ്ഥാനത്ത് ലഹരിയുടെ വ്യാപനം കാരണം കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യംമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി അറിയിച്ചതിനെത്തുടർന്ന് ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനും പരിഹരിക്കുന്നതിനും ആയി ഒരു സമഗ്ര മാനസികാരോഗ്യ പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. മുഹമ്മദ് മുഹസിൻ പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ്, തൊഴിൽ സുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സി. ആർ. മഹേഷ് തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP 254/2025.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. റോജി എം. ജോൺ | മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ- പാലിശ്ശേരി റോഡ് നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂരിലെ വിവിധ വർഷത്തെ വർക്കുകൾ PMC-കളെ ചുമലപ്പെടുത്തുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. വി. ശശി | എസ്. സി./എസ്. റ്റി. വിദ്യാർത്ഥികൾക്കുള്ള ധനസഹായം | ധനകാര്യ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. നന്ദകുമാർ | പൊന്നാനി കടലോര മേഖലകളിലെ ജനങ്ങൾക്ക് നികുതി അടയ്ക്കാൻ സംവിധാനം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീമതി ശാന്തകുമാരി കെ. | കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും സബ്സ്റ്റേഷൻ നിർമ്മാണവും | ജലവിഭവ വകുപ്പുമന്ത്രി |
| 6. | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി മണ്ഡലത്തിലെ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികളുടെ പൂർത്തീകരണം | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. കെ. വി. സുമേഷ് | അന്യസംസ്ഥാനങ്ങളിലേക്കുള്ള വിറക് കടത്ത് തടയുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 8. | ശ്രീ. വാഴൂർ സോമൻ | പീരുമേട് മണ്ഡലത്തിലെ കാട്ടാന ആക്രമണം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 9. | ശ്രീ. യു. എ. ലത്തീഫ് | കേരളത്തിലെ കോടതി ഫീസും വ്യവഹാര സലയും പുതുക്കി നിശ്ചയിക്കുന്നതിന് നടപടി | നിയമം-വ്യവസായം കയർ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 10. | ശ്രീ. വി. ആർ. സുനിൽ കുമാർ | സ്കൂൾ പാചക തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ | പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |
| 11. | ശ്രീ. കുറുക്കോളി മൊയ്തീൻ | ഹയർസെക്കൻഡറി പരീക്ഷകളുടെ സമയമാറ്റം | പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം :

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

ധനകാര്യം :

2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. സി. ആർ. മഹേഷ്

ശ്രീമതി സി. കെ. ആശ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. അനൂപ് ജേക്കബ്.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തു.)

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച :

"സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എ. പ്രഭാകരൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കാനത്തിൽ ജമീല

ശ്രീമതി കെ. കെ. രമ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്.

തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് മറുപടി നൽകി.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

(ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച തുടർന്നു.)

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി ശാന്തകുമാരി കെ.

ഡോ. സുജിത് വിജയൻപിള്ള

ശ്രീമതി കെ. കെ. രമ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. പി. പി. സുമോദ്

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ഡോ. എം. കെ. മുനീർ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എം. നൗഷാദ്.

ചർച്ച പൂർത്തിയായില്ല.

2025 ഫെബ്രുവരി 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.00- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, February 11, 2025*

**No. 166**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri P. C. Vishnunadh and five other Members had given a notice for moving an adjournment motion regarding the concern said to have arisen in the general public owing to the increase in murders and crimes attributed by the prevalence of drugs in the State. As the Minister for Local Self Governments, Excise and Parliamentary affairs expressed willingness to discuss the motion, Speaker granted permission to move the adjournment motion and announced that the motion would be taken up at 12.00 noon.

*Calling Attention:*

1. Shri Muhammad Muhassin called the attention of the Minister for General Education and Labour to the necessity to formulate a comprehensive mental health plan to analyse scientifically and to control and redress the rise in mental health issues among students in the State. The Minister for General Education and Labour made a statement thereto.

2. Shri C. R. Mahesh called the attention of the Minister for Local Self Governments, Excise and Parliamentary affairs to the necessity to implement insurance and employment security schemes for the workers in the Mahatma Gandhi National Rural Employment Guarantee Scheme in the State. The Minister for Local Self Governments, Excise and Parliamentary affairs made a statement thereto.

254/2025.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. റോജി എം. ജോൺ | മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ- പാലിശ്ശേരി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂരിലെ വിവിധ വർഷത്തെ വർക്കുകൾ PMC-കളെ ചുമലപ്പെടുത്തുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. വി. ശശി | എസ്.സി./എസ്. റ്റി. വിദ്യാർത്ഥികൾക്കുള്ള ധനസഹായം | ധനകാര്യ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. നന്ദകുമാർ | പൊന്നാനി കടലോര മേഖലകളിലെ ജനങ്ങൾക്ക് നികുതി അടയ്ക്കാൻ സംവിധാനം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീമതി ശാന്തകുമാരി കെ. | കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും സബ്സ്റ്റേഷൻ നിർമ്മാണവും | ജലവിഭവ വകുപ്പുമന്ത്രി |
| 6. | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി മണ്ഡലത്തിലെ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികളുടെ പൂർത്തീകരണം | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. കെ. വി. സുമേഷ് | അന്യസംസ്ഥാനങ്ങളിലേക്കുള്ള വിറക് കടത്ത് തടയുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 8. | ശ്രീ. വാഴൂർ സോമൻ | പീരുമേട് മണ്ഡലത്തിലെ കാട്ടാന ആക്രമണം | വനം-വന്യജീവി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 9. | ശ്രീ. യു. എ. ലത്തീഫ് | കേരളത്തിലെ കോടതി ഫീസും വ്യവഹാര സലയും പുതുക്കി നിശ്ചയിക്കുന്നതിന് നടപടി | നിയമം-വ്യവസായം കയർ വകുപ്പുമന്ത്രി |
| 10. | ശ്രീ. വി. ആർ. സുനിൽ കുമാർ | സ്കൂൾ പാചക തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ | പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |
| 11. | ശ്രീ. കുറുക്കോളി മൊയ്തീൻ | ഹയർസെക്കൻഡറി പരീക്ഷകളുടെ സമയമാറ്റം | പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The Thirty fourth to Forty fifth reports of the Committee on Public Undertakings were presented.

*Financial Business:*

The General discussion on the budget for the financial year 2025-26 has been resumed. The following members took part in the discussion.

Shri K. P. Kunhammed Kutti Master

Shri C. R. Mahesh

Smt. C. K. Asha

Shri A. K. M. Ashraf

Shri Anoop Jacob.

(The motion for adjournment of the Assembly was taken for consideration.)

*Discussion on Adjournment Motion :*

Shri P. C. Vishnunadh moved the following motion and spoke:

"The House do now adjourn."

The following Members took part in the discussion:

Shri A. Prabhakaran

Shri Anwar Sadath

Shri P. Balachandran

Shri Kurukkoli Moideen

Shri Sebastian kulathunkal

Smt. Kanathil Jameela

Smt. K. K. Rema

Shri K. M. Sachindev

Shri Ahammad Devarkovil

Shri K. V. Sumesh

Shri V. D. Satheesan, Leader of opposition.

Minister for Local Self Governments, Excise and Parliamentary affairs replied to the points raised during discussion.

The motion was withdrawn with the consent of the House.

(General discussion on the budget continues)

Shri Job Maichil

Smt. Santhakumari K.

Dr. Sujith Vijayanpillai

Smt. K. K. Rema

Shri Linto Joseph

Shri P. P. Sumod

Shri T. V. Ibrahim

Shri T. I. Madhusoodanan

Shri I. C. Balakrishnan

Shri K. P. Mohanan

Shri C. K. Hareendran

Dr. M. K. Muneer

Shri Muhammed Muhassin

Shri A. P. Anil Kumar

Shri M. Noushad.

The discussion was inconclusive.

The House adjourned at 5.00 p.m. to meet again at 9.00 a.m. on Wednesday, February 12, 2025.

DR. N. KRISHNA KUMAR,
*Secretary.*